# KERALA VETERINARY AND ANIMAL SCIENCES UNIVERSITY
## INFRASTRUCTURE DEVELOPMENT WING
**Office of the Executive Engineer**
**Camp Office, Mannuthy, Thrissur - 680 651**
**E mail - eemty@kvasu.ac.in Web site - www.kvasu.ac.in**


---

നം: ഇ/ഐ.ഡി.ഡബ്ല്യു/എം.ടി.വൈ/29/2024 തീയതി: 03.03.2026

**ഉപയോഗ ശ്യൂന്യമായ സാമാഗ്രികളുടെ വിൽപന ലേലപരസ്യം**

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മണ്ണുത്തി ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് വിംഗിന്റെ കീഴിൽ നടന്ന 08.11.2024 മുതൽ 12.01.2026 വരെ നിർമ്മാണ പ്രവൃത്തികളുടേയും അറ്റകുറ്റപ്പണികളുടേയും ഭാഗമായി ലഭിച്ചിട്ടുള്ള ഉപയോഗശ്യൂന്യമായ സാമാഗ്രികളുടെ ലേലത്തിനായി 27.02.2026 തീയതിയിൽ കെ.വി.എ.എസ്.യു/ഐ.ഡി.ഡബ്ല്യു/ജി–50095/2020 നമ്പർ കത്ത് പ്രകാരം യൂണിവേഴ്സിറ്റി എൻജിനീയർ, ഐ.ഡി. വിംഗ്, പൂക്കോട് അംഗീകരിച്ച സർവ്വേ റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 17.03.2026 ന് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

സാധന സാമഗ്രികൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം : ആനിമൽ സയൻസ് ബ്ലോക്കിന്റെ താഴത്തെ നില, ഗോട്ട് ഫാമിന് അരികിലുള്ള ഐ.ഡി. വിംഗിന്റെ സ്റ്റോക്ക് യാർഡ്

നിരതദ്രവ്യം : 5,000/- രൂപ (നിരതദ്രവ്യം അസ്സൽ ഡിപ്പോസിറ്റ് രസീതായി യൂണിവേഴ്സിറ്റി എൻജിനീയർ, ഐ. ഡി.വിംഗ്, പൂക്കോടിന്റെ പേരിൽ ഒടുക്കി ഉള്ളടക്കം ചെയ്യേണ്ടതാണ്.)

**നിബന്ധനകൾ**

1. ഈ പരസ്യ തീയതി മുതൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ ലേല സാമഗ്രികൾ പരിശോധിക്കാനുള്ള അവസരം ലേലത്തിൽ പങ്കെടുക്കാനുദ്ദേശിക്കുന്നവർക്ക് ലഭ്യമായി രിക്കും.

2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൃത്യമായ മേൽവിലാസം തെളിയിക്കുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

3. ഓഫർ തുക രേഖപ്പെടുത്തി, 5000/- രൂപയുടെ ബാങ്ക് ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരമുള്ള നിരത ദ്രവ്യം അടക്കം ചെയ്ത സീൽ ചെയ്ത ക്വട്ടേഷനുകൾ ലേല തീയതിയായ 17.03.2026 ന് 3.00 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

4. ഓഫറുകൾ, പ്രവൃത്തിയുടെ പേരെഴുതി സീൽ ചെയ്ത കവറുകളിൽ 17.03.2026 ന് 3.00 മണിക്കുള്ളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ഡി.വിംഗ്, മണ്ണുത്തി, തൃശ്ശൂർ - 680 651 എന്ന മേൽ വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. വൈകി ലഭിക്കുന്ന ഓഫറുകൾ നിരസിക്കുന്നതും അന്നേദിവസം 3.30 മണിക്ക് ഹാജരുള്ള വ്യക്തികളുടേയോ അവരുടെ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും.

5. ലേലത്തിൽ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിക്ക് മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

6. ലേലം സ്ഥിരപ്പെടുത്തിയതിന്റെ അനുമതി കത്ത് ലഭിച്ച് ഉടനെ പ്രസ്തുത വ്യക്തി യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ A/c No.: 67174220678 (University Engineer, IDW, KVASU, Pookode, IFS code: SBIN0070192 , SBI, Kalpetta) അക്കൗണ്ടിൽ ലേല തുകയും, ആയതിന്റെ ജി.എസ്.ടി 18% യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ A/c No.: 67347815774 (University Engineer, IDW, KVASU, Pookode, IFS code SBIN0070192, SBI Kalpetta) അക്കൗണ്ടിലും അടക്കേണ്ടതാണെന്നും അറിയിക്കുന്നു.

7. സാധന സാമഗ്രികൾ സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും 5 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ വ്യക്തിയുടെ നിരതദ്രവ്യം സാധന സാമഗ്രികൾ നീക്കം ചെയ്തതിന് ശേഷം മാത്രമേ തിരികെ നല്കുകയുള്ളൂ.

8. ലേല സാമാഗ്രികൾ നീക്കം ചെയ്യുന്നതിൽ വീഴ്ച്ച വരുത്തുന്നതോ വൈകുന്നതോ ആയ സാഹചര്യത്തിൽ കൂടുതൽ ആവശ്യമായി വരുന്ന ദിനങ്ങൾക്ക് പ്രതിദിനം 1,000/- രൂപ നിരക്കിൽ പിഴയായി ഐ.ഡി.വിംഗ് ഓഫീസിൽ അടക്കേണ്ട ബാധ്യത ലേലം ലഭിച്ച വ്യക്തിക്ക് ഉണ്ടായിരിക്കുന്നതാണ്. ഇതിനുശേഷം മാത്രമേ ഗേറ്റ് പാസ് അനുവദിക്കുകയുള്ളൂ.

9. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം മാറ്റിവയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമായിരിക്കും.

10. സർക്കാരിലെയും സർവ്വകലാശാലയിലെയും ലേലവുമായി ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

Sd/-

എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ് :1) നോട്ടീസ് ബോർഡ്
2) സർവ്വകലാശാല വെബ്സൈറ്റ് www.kvasu.ac.in
3) രജിസ്ട്രാർ, കെ വി എ.എസ് .യു., പൂക്കോട്
4) ഫിനാൻസ് ഓഫീസർ, കെ.വി.എ.എസ്.യു., പൂക്കോട്
5) യൂണിവേഴ്സിറ്റി എൻജിനീയർ, ഐ.ഡി.വിംഗ്, പൂക്കോട്
6) ഡീൻ, സി.വി.എ.എസ്, മണ്ണുത്തി
7) ഡീൻ, വി.കെ.ഐ.ഡി.എഫ്.ടി., മണ്ണുത്തി
8) ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേയ്ക്ക്